**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2964** | **21/08/2017-ൽ മറുപടിയ്ക്ക്**

# കേരള സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കശുമാവ് തോട്ടങ്ങളിൽ കൃഷിനാശം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.ബി.ഗണേഷ് കുമാർ** | | **ശ്രീ. വി.എസ്. സുനിൽകുമാർ (ബഹു. കൃഷി വകുപ്പ് മന്ത്രി)** |
| **എ)** സംസ്ഥാനത്തിന് പുറത്ത് ഭൂമി പാട്ടത്തിനെടുത്ത് കശുമാവ് കൃഷി വ്യാപനത്തിനായി നിരവധി കർമ്മ പദ്ധതികൾ ആരംഭിക്കുന്ന സമയത്ത് തന്നെ കൃഷി വകുപ്പിന്റെ കീഴിലുള്ള കേരള സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെ തോട്ടങ്ങളിൽ മുൻകാലങ്ങളിൽ ചെയ്ത കശുമാവ് കൃഷി വ്യാപകമായി നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **എ)** | സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെ എസ്റ്റേറ്റുകളിൽ മുൻകാലങ്ങളിൽ കൃഷി ചെയ്തിട്ടുള്ള കശുമാവ് വ്യാപകമായി നശിച്ചിട്ടില്ല. |
| **ബി)** കേരള സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ തങ്ങളുടെ ഉടമസ്ഥതയിലുള്ള തോട്ടങ്ങളിലെ കശുമാവുകൾ മുറിച്ചുമാറ്റി പകരം റബ്ബർ തൈകൾ നടാൻ ശ്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>**സി)** ഇപ്രകാരം കശുമാവുകൾ മുറിച്ചുമാറ്റുന്നുവെങ്കിൽ തൽസ്ഥാനത്ത് കൂടുതൽ വിളവ് ലഭിക്കുന്ന ഹൈ ബ്രീഡ് കശുമാവ് ഇനങ്ങൾ വച്ചുപിടിപ്പിച്ച് കശുവണ്ടി ഉത്പാദനം വർദ്ധിപ്പിക്കുവാൻ കേരള സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന് നിർദ്ദേശം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | **ബി) & സി)** | 21/05/2012-ലെ സ.ഉ.(സാധാ) നമ്പർ.1121/12/ എ.ഡി. പ്രകാരം കോർപ്പറേഷന്റെ അധീനതയിലുള്ള എസ്റ്റേറ്റുകളിലെ 167.97 ഹെക്ടർ കശുമാവ് ഏരിയ ഉൾപ്പെടെ 1998.30 ഹെക്ടറിൽ റീ പ്ലാന്റേഷന് അനുമതി നൽകിയിട്ടുണ്ട്. മുള്ളുമല എസ്റ്റേറ്റിലെ അമ്പനാർ കോട്ടക്കയം ഡിവിഷനുകളിലായി 10.5 ഹെക്ടർ സ്ഥലത്ത് ഉണ്ടായിരുന്ന മുറ്റിയതും കായ്ഫലം കുറഞ്ഞതുമായ കശുമാവുകൾ മാത്രം മുറിച്ചുമാറ്റിയിട്ടുണ്ട്. ഇതിൽ കോട്ടക്കയം ഏരിയായിലെ 4 ഹെക്ടറിലെ പാറ ഒഴിച്ചുള്ള 2.5 ഹെക്ടർ സ്ഥലത്ത് റബ്ബർ തൈകൾ നട്ടിട്ടുണ്ട്. കൂടാതെ അമ്പനാർ ഏരിയായിലെ 6 ഹെക്ടറിലെ പാറ ഒഴിച്ചുള്ള ഏകദേശം 4 ഹെക്ടർ സ്ഥലത്ത് റബ്ബർ പ്ലാന്റ് ചെയ്യാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഫാമിംഗ് കോർപ്പറേഷന്റെ സാധ്യമായ സ്ഥലങ്ങളിൽ കൂടുതൽ ഉദ്പാദനക്ഷമതയുള്ള മുന്തിയ ഇനം കശുമാവിൻതൈകൾ വച്ചു പിടിപ്പിക്കുന്നകാര്യം പരിഗണിക്കുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ